ഹരിതകേരളം മിഷൻ

# ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സന്റെ നടപടി ക്രമം

(ഹാജർ: ഡോ. ടി.എൻ. സീമ)

വിഷയം : ഹരിത കേരളം മിഷൻ-ശുചിത്വമാലിന്യ സംസ്കരണ ഉപമിഷൻ- ഹരിത സഹായ സ്ഥാപനങ്ങളെ എംപാനൽ ചെയ്ത് ഉത്തരവാകുന്നത് - സംബന്ധിച്ച്.

പരാമർശം :
1). സർക്കാർ ഉത്തരവ് നം. സ.ഉ. (സാധാ) 2420/2017. തീയതി 15.07.2017
2). 20.09.2017 നു ചേർന്ന സംസ്ഥാനതല കർമ്മസേനയുടെ 10.1, 10.2 നമ്പർ തീരുമാനങ്ങൾ.
3). 25.11.2017 നു ചേർന്ന സംസ്ഥാനതല കർമ്മസേനയുടെ 4-ാം നമ്പർ തീരുമാനം.
4). ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 22.06.2019-ലെ 1826/സി5/2019/എസ്.എം. നമ്പർ കത്ത്.
5). സ.ഉ. (സാധാ) നം. 407/2018/തസ്വഭവ തീയതി 09.02.2018
6). ഹരിത കേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സന്റെ 27.03.2018-ലെ ഇതേ നമ്പർ ഉത്തരവ്.
7). ഹരിത കേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സന്റെ 16.06.2018-ലെ ഇതേ നമ്പർ ഉത്തരവ്.

## ഉത്തരവ് നം. എച്ച്.കെ.എം/എ2/625/18 തീയതി 25.06.2019

പരാമർശം (1) ഉത്തരവ് പ്രകാരം വ്യക്തമായ RFP (റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ) നടപടിയിലൂടെ ക്ലസ്റ്റർ/ജില്ല അടിസ്ഥാനത്തിലുള്ള ഹരിത സഹായ സ്ഥാപനങ്ങളുടെ എംപാനൽമെന്റ് പട്ടിക തയ്യാറാക്കി ഓരോ ജില്ലയ്ക്കുമുള്ള ഹരിത സഹായ സ്ഥാപനത്തെ നിയോഗിക്കാൻ ഹരിത കേരളം മിഷനെ ചുമതലപ്പെടുത്തിയിരുന്നു.

പരാമർശം (2) പ്രകാരം 20.09.2017 നു ചേർന്ന സംസ്ഥാനതല കർമ്മസേനയുടെ 10.1 നമ്പർ തീരുമാനപ്രകാരം ശുചിത്വമിഷനെ ഹരിത കേരളം മിഷന്റെ സാങ്കേതിക പിന്തുണാസംവിധാനമായി നിശ്ചയിച്ചിട്ടുണ്ട്. പരാമർശം (3) പ്രകാരം ഹരിത സഹായ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കാനുള്ള എംപാനൽമെന്റ് നടപടി സ്വീകരിക്കുന്നതിനുള്ള പൂർണ്ണ ചുമതല ശുചിത്വമിഷനു നൽകി തീരുമാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ശുചിത്വമിഷന്റെ ശുപാർശ അനുസരിച്ച് 35 സ്ഥാപനങ്ങളെ ഹരിത സഹായ സ്ഥാപനങ്ങളായി എംപാനൽ ചെയ്ത് പരാമർശം (6), (7) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഹരിത സഹായ സ്ഥാപനങ്ങളെ എംപാനൽ ചെയ്യുന്നതിനായി മൂന്നാം ഘട്ടത്തിൽ ശുചിത്വമിഷൻ പത്രപ്പരസ്യം വഴി എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് (EOI) ക്ഷണിച്ചിരുന്നു. അതുപ്രകാരം അപേക്ഷിച്ച 20 ഏജൻസികളിൽനിന്നും ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന ടെക്നിക്കൽ കമ്മിറ്റി വിലയിരുത്തി സൂചന (4) പ്രകാരം ശുപാർശ ചെയ്ത 14 സ്ഥാപനങ്ങളെക്കൂടി ഹരിത സഹായ സ്ഥാപനങ്ങൾ ആയി എംപാനൽ ചെയ്ത് ഉത്തരവാകുന്നു.

(ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.)

ഈ ഹരിത സഹായ സ്ഥാപനങ്ങൾ പരാമർശം (1) ഉത്തരവിനു വിധേയമായും ഹരിത കേരളം മിഷനും ശുചിത്വമിഷനും കാലാകാലങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾക്ക് അനുസൃതമായും പ്രവർത്തിക്കേണ്ടതാണ്.

ടി ഹരിത സഹായ സ്ഥാപനങ്ങൾക്കുള്ള നടത്തിപ്പ് തുക പരാമർശം (5) ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ടിൽ ഉൾപ്പെടുത്തി നൽകേണ്ടതാണ്.

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ

To,

1. സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് (ഗ്രാമം)
2. പഞ്ചായത്ത് ഡയറക്ടർ
3. നഗരകാര്യ ഡയറക്ടർ
4. കമ്മീഷണർ, ഗ്രാമവികസന വകുപ്പ്
5. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ
6. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
7. എല്ലാ പഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
8. എല്ലാ നഗരസഭകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
9. എല്ലാ കോർപ്പറേഷനുകൾക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
10. എല്ലാ ബ്ലോക്ക് പഞ്ചായത്തുകൾക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
11. എല്ലാ ജില്ലാ പഞ്ചായത്തുകൾക്കും
12. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
13. മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി
14. എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർമാൻ/സെക്രട്ടറിമാർക്കും
15. കരുതൽഫയൽ/ഓഫീസ് കോപ്പി
16. ഹരിത സഹായസ്ഥാപനങ്ങൾക്ക്

## ഹരിത സഹായ സ്ഥാപനങ്ങൾ

| Sl No: | Name of the Agency |
|---|---|
| 1 | **Centre for Environment and Development (CED)**<br>Vattiyoorkavu P.O., Tvm – 695 013, Mob: 9447168040,<br>E – mail : director@cedindia.org |
| 2 | **HLL Management Academy**<br>T.C. 4/1607, Keston Road, Kowdiar P.O., Tvpm – 695 003, Mob : 9020784390<br>E – mail : hma@lifecarehll.com |
| 3 | **Nirmal Bharat Charitable Trust**<br>Door No. TMC XV/211 Near Sirsyed College, Karimbam P.O., Thaliparambu 670142<br>Ph: 9846816916 E – mail : fahad6268@gmail.com |
| 4 | **Colour Kerala**<br>Colour Kerala Zero Waste Management, Ground Floor, 11/540, 8/4 Chungam, Feroke, Kozhikode-673 631, Ph : 9633610047, E-mail : colourkerala0047@gmail.com |
| 5 | **Academy for Mountaineering and Adventure Sport (Amas Kerala)**<br>Neyyattinkara P.O., Tvpm. – 69121, Mob : 9446101056, E – mail : directoramas@gmail.com |
| 6 | **Aravind Associates**<br>31/922/5, Kanyaka Parameswari Amman Kovil Street, Pattikara, Palakkad – 678 014, Ph: 9633773880<br>E-mail : aravindassociates29@gmail.com |
| 7 | **Good Earth Trust**<br>Areeparambu P.O., Kottayam – 686 501<br>Ph. 9446537390, E – mail : gearthkotm@gmail.com |
| 8 | **Eco Green Kerala**<br>Parappur Road, Kottakkal, Malappuram, Kerala – 676 503, Ph : 0483-2740980, 8089801331, 9400337794, E-mail : ecogreenkkl@gmail.com |
| 9 | **Mahyoobah Waste Management**<br>Kaithakkad Post, Cheruvathur, Kasargod -671 313 |
| 10 | **Young Mens Cultural Association (YMCC)**<br>Kizhuparamba P.O., Malappuram – 673639, Mob: 9495174406, E – mail : info@ymcckzh.com |
| 11 | **EKSAT**<br>Near Keerthi Theater, Vadakara – Kozhikode, Phone : 04962522699, 9447338881<br>E-mail : eksatkkd@gmail.com |
| 12 | **Collective of Training Centers (CTC)**<br>Secretary, CTC Plamoodu, Thiruvananthapuram, Ph : 9496175738, E-mail : ctckudubashree@gmail.com |
| 13 | **Bharath Sevak Samaj**<br>Sat Bhavana Bhavan Kowdiar, Mob: 9048001332 E – mail : info@bharatsevaksamaj.org |
| 14 | **Rajiv Youth Foundation**<br>Mullampara Road, Manjeri P.O., Malappuram – 67 6121, Mob : 9745005100<br>E-mail : rajivyouthfoundation5@gmail.com |